9 -ാം വർഷം

2026

മെയ് 26, ഞായർ

ഉയിർപ്പ് അഞ്ചാം ഞായർ



*Laity Reflect on*

**Syro-Malabar Sunday Mass**

**SCRIPTURE READINGS**



# തൂക്കി ചുവന്ന കരങ്ങളോടെ

പുറപ്പാട് 4:27-31, തോബിത്ത് 5:1-10
അപ്പ.പ്രവർത്തനങ്ങൾ 12:24-13:3, ലൂക്ക10:1-12

വേദപുസ്തകത്തിൽ പലയിടങ്ങളിലായി ചിതറിക്കിടക്കുന്ന ഒരേ പാറ്റേണിലുള്ള വചനഭാഗങ്ങൾ സൂക്ഷ്മമായി ചേർത്തുനെയ്തുവച്ചിരിക്കുന്ന ഹൃദ്യമായ വായനകളാണ് ഇന്നത്തേത്. സുന്ദരമായ ഒരു തുണിത്തരം പോലെ കമനീയമാണത്. മോശയും ചങ്ക്ബ്രോ അഹറോനും ചേർന്ന് ഒരു ടീമായി ഫറവോയുടെ മുന്നിലെത്തുന്ന ദൈവശുശ്രൂഷയാണ് ആദ്യത്തെ വായനയിൽ നാം കാണുന്നത്. മോശ ഒറ്റയ്ക്കല്ല അവിടെ. നിഴലായി അഹറോനുമുണ്ട്. തോബിയാസിനോടൊപ്പം റഫായേൽ ദൂതനും ഒരേമനസ്സോടെ മേദിയായിലേയ്ക്കു പോകുന്ന ദൈവികനിയോഗമാണ് രണ്ടാമത്തെ വായനയിൽ. ജറുസലേമിലെ സുവിശേഷദൗത്യം പൂർത്തിയാക്കി വരുന്ന സാവൂളിനെയും നിഴൽ പോലെ കൂടെയുള്ള ബർണബാസിനെയും മാർക്കോസിനെയുമാണ് മൂന്നാമത്തെ വായനയിൽ അപ്പസ്തോലപ്രവർത്തനങ്ങളിൽ നാം കാണുന്നത്. സുവിശേഷ ശുശ്രൂഷയ്ക്കായി എഴുപത്തിരണ്ടു ശിഷ്യരെ അയയ്ക്കുന്ന വേളയിൽ ഈരണ്ടുപേരെ വീതം തെരഞ്ഞെടുത്തയയ്ക്കുന്ന സുവിശേഷഭാഗമാണ് നാലാമത്തെ വായനയിൽ. എന്തുകൊണ്ടാവാം ഇങ്ങനെ? യേശുവിന്റെ വിളി വ്യക്തിപരമായിട്ടാണെങ്കിലും സുവിശേഷവേലയ്ക്കായി ദൈവം ക്രിസ്തുശിഷ്യരെ അയയ്ക്കുമ്പോൾ രണ്ടോ അതിലധികം പേരോ ഉള്ള ഒരു ടീമായി അവരെ തെരഞ്ഞെടുത്ത് വിടുന്നതെന്തിന്? ഒറ്റയ്ക്ക് വിടാത്തതെന്തുകൊണ്ട്?

## സഹവർത്തിത്വം (Companionship)

'രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒന്നിച്ചു കൂടുന്നിടത്ത് അവരുടെ മധ്യേ ഞാൻ ഉണ്ടായിരിക്കും' (മത്തായി 18:20).



ജോസ് മാത്യു മുഴിക്കുളം


കൂടെ നടക്കാനും കൂട്ടായി നടക്കാനുമുള്ള ദൈവത്തിന്റെ കൊതി ഈ വചനങ്ങളിൽ പ്രകടമാണ്. പലപ്പോഴും അത് എടുത്തുപറഞ്ഞ്, വീണ്ടും ഓർമ്മിപ്പിച്ച്, പറഞ്ഞുറപ്പിച്ച് ശിഷ്യരെ ശക്തരാക്കുകയാണ് യേശു. സുവിശേഷ വേലയ്ക്കിടയിലെ പ്രതിസന്ധികൾക്കിടയിൽപ്പോലും ദൈവസാന്നിധ്യത്താൽ പ്രകാശിച്ചു തന്നെ നിൽക്കണം ക്രിസ്തുശിഷ്യൻ. അവനൊരിക്കലും പതറാൻ പാടില്ല. അവനൊറ്റയ്ക്കാവാനും പാടില്ല. അതുകൊണ്ടു തന്നെ സഹവർത്തിത്വത്തിന്റെ ഒരന്തരീക്ഷം ക്രിസ്തുശിഷ്യരുടെ പ്രവർത്തനങ്ങളിൽ അത്യന്താപേക്ഷിതം. രണ്ടു പേർ ചേർന്നു പോവുക എന്ന് പറഞ്ഞതിന്റെ ഒരു കാരണം ഇതാവാം. ക്രിസ്തുശിഷ്യന്റെ സുരക്ഷയും പ്രധാനപ്പെട്ടതാവാം. മറ്റൊന്നു കൂടിയുണ്ട്. കത്തിജ്വലിക്കുന്ന കനലിനോടു ചേരുമ്പോൾ കെട്ടുതുടങ്ങാൻ സാധ്യതയുള്ള കനലും ഉജ്ജ്വലിക്കുമല്ലോ. പരസ്പരപ്രോത്സാഹനത്താൽ നവീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ക്രിസ്തുശിഷ്യരുടെ കഥകൾ ഇന്നും അനേകർക്ക് പ്രചോദനം.

## സാക്ഷ്യം (Testimony)

'രണ്ടുപേരുടെ സാക്ഷ്യം സത്യമാണെന്നു നിങ്ങളുടെ നിയമത്തിൽത്തന്നെ എഴുതിയിട്ടുണ്ടല്ലോ'. (യോഹന്നാൻ8:17). സാക്ഷ്യത്തിന്റെ വിശ്വാസ്യത ഉറപ്പുവരുത്തുവാനാവണം യേശു രണ്ടുപേരെ വീതം അയച്ചത്. ലേവ്യരുടെ പുസ്തകത്തിലെയും നിയമാവർത്തനത്തിലെയും രണ്ടുപേരുടെ സാക്ഷ്യത്തിന്റെ പ്രാധാന്യം എടുത്തു പറയുന്നുണ്ട് നിയമങ്ങളുടെയെല്ലാം പൂർത്തീകരണമായ യേശു.

## വിളമ്പുന്നത് ഭക്ഷിക്കുക (ലൂക്ക 10:9)

വിളമ്പിക്കിട്ടിയതിൽ മതിവരാതെ അടുത്തിരിക്കുന്നവന്റെ പാത്രത്തിലേയ്ക്ക് ഒളിഞ്ഞും തെളിഞ്ഞും നോക്കുന്ന കുട്ടികളെപ്പോലെയായിരിക്കുന്നു ലോകം. നോക്കുക മാത്രമല്ല അത് കൈയിട്ടു വാരാനും അതിനുവേണ്ടി അക്രമമാർഗ്ഗ



ങ്ങൾ പുറത്തെടുക്കാനും തുടങ്ങുമ്പോൾ കണ്ടു നിൽക്കുന്ന പലരും മൗനികളാകുന്നു. ഈ വേളയിൽ 'മിസ്റ്റർ പ്രസിഡന്റ്', താങ്കൾ ചെയ്യുന്നത് ശരിയല്ല. താങ്കളെ എനിക്ക് തീരെ ഭയമില്ല' എന്ന് ഉച്ചത്തിൽ വിളിച്ചു പറഞ്ഞ സ്വരം കത്തോലിക്കാസഭയെ നയിക്കുന്ന ഇടയന്റെതായിരുന്നു എന്നതിൽ ആ കത്തോലിക്കാസഭയുടെ അംഗമെന്ന നിലയിൽ അഭിമാനിക്കാൻ നമുക്കിനിയും വകയുണ്ട്.

## സമാധാനം (Shalom)

യേശു ലോകത്തിലേയ്ക്ക് വന്നപ്പോൾ മാലാഖമാർ പാടിയത് സമാധാന ഗീതികളാണ്. ഉയിർത്തെഴുന്നേറ്റ ക്രിസ്തു ശിഷ്യന്മാരുടെ മുമ്പിൽ എത്തുമ്പോഴും ആദ്യമായി പറയുന്നത് 'നിങ്ങൾക്കു സമാധാനം' എന്നാണ്. ഇന്നത്തെ സുവിശേഷ ഭാഗത്തും യേശു ശിഷ്യരെ അയയ്ക്കുമ്പോൾ പറയുന്നതും ഇതേ സമാധാനത്തെക്കുറിച്ചാണ്. 'നിങ്ങൾ ഏതു ഭവനത്തിൽ പ്രവേശിച്ചാലും ഈ വീടിന് സമാധാനം എന്ന് ആദ്യമേ ആശംസിക്കണം. സമാധാനത്തിന്റെ പുത്രൻ അവിടെയുണ്ടെങ്കിൽ നിങ്ങളുടെ സമാധാനം അവനിൽ കുടികൊള്ളും. ഇല്ലെങ്കിൽ അതു നിങ്ങളിലേക്കു തിരിച്ചു പോരും.' (ലൂക്ക10:5,6)

## വഴിയൊരുക്കുവിൻ

യേശുവിന്റെ മരണത്തിനു മുമ്പായിട്ടാണ് യേശു എഴുപത്തിരണ്ടുപേരെ അയയ്ക്കുന്നത്. ലൂക്കായുടെ സുവിശേഷത്തിൽ മാത്രം കാണുന്ന ഒരു ഭാഗമാണിത്. ജറുസലേമിലേയ്ക്കു പോകാനിരിക്കുന്ന യേശു, തനിക്ക് വഴിയൊരുക്കാനായിട്ടാണ് ശിഷ്യന്മാരെ അയയ്ക്കുന്നത്. സ്നാപകയോഹന്നാനെപ്പോലെ വഴിയൊരുക്കുകയാവണം ക്രിസ്തുശിഷ്യന്റെ കടമ.

## കൊയ്ത്തുകാരെവിടെ?

Caught Red Handed എന്ന ഇംഗ്ലീഷ് ശൈലിയിൽ നിന്നാണ് 'തൂക്കി ചുവന്ന കരങ്ങളോടെ' എന്ന പാട്ട് പിറവിയെടുക്കുന്നത്. കേരളം മുഴുവൻ പാടിക്കൊണ്ടിരിക്കുന്ന പാട്ട്. കൈയോടെ പൊക്കി എന്ന അർഥത്തിലാണ് വാഴ 2 എന്ന സിനിമയിൽ ആ പാട്ടു ഉപയോഗിക്കുന്നതെങ്കിലും ആ വരികൾ ഏറ്റവും യോജിക്കുന്നത് ക്രിസ്തുവിന്റെ മരണവുമായി ബന്ധപ്പെട്ടാണെന്നത് ഒരു കൗതുകമാകുന്നു. പത്രോസിന്റെ പ്രസംഗത്തിലാണതുള്ളത്. 'അധർമ്മികളുടെ കൈകളാൽ നിങ്ങൾ അവനെ കുരിശിൽ തറച്ചു കൊന്നു.' (അപ്പ. പ്രവർത്തനങ്ങൾ 2:23)

കുരിശിൽ തൂക്കിയപ്പോൾ ആണിപ്പഴുതിലൂടെ രക്തം കുതിച്ചൊഴുകി അവന്റെ കരങ്ങൾ ചോപ്പിൽ കുളിച്ചു. അതെ, ചുവന്ന കരങ്ങളോടെത്തന്നെയാണ് അവനെ തൂക്കിയത്. അറേബ്യയിലെ വില കൂടിയ ഏതു സുഗന്ധദ്രവ്യങ്ങൾക്കും മായ്ക്കാനാവാത്ത രക്തക്കറയാൽ അവനെ തൂക്കിയ പീലാത്തോസിന്റെയും കരങ്ങൾ ചുവന്നു. യേശുവിനെ തൂക്കിയ പീലാത്തോസിന്റെയും കൈകൾക്ക് രക്തവർണ്ണം. എന്നാൽ ക്രിസ്തുവിന്റെ ആ രക്തത്താൽ കൊടും ചെമപ്പായ നമ്മുടെ (പീലാത്തോസിന്റെ ഉൾപ്പെടെ) പാപങ്ങൾ മഞ്ഞ് പോലെ വെൺമയുള്ളതായി. (ഏശയ്യ 1:18) ഇതു വിശ്വസിക്കുകയും ഈ രക്ഷയിലേയ്ക്കു ലോകത്തെ ക്ഷണിക്കുകയും ചെയ്യുന്ന പ്രവൃത്തിയുടെ പേരാണ് സുവിശേഷ പ്രഘോഷണം. ആ ദൗത്യത്തിലേയ്ക്കുള്ള കൂട്ടായ ഒരു ക്ഷണം കൂടിയാണല്ലോ ഇന്നത്തെ വായനകൾ. വരിക. 'കൊയ്ത്തധികം, വേലക്കാരോ ചുരുക്കം.' (ലൂക്ക 10:2)

*(ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകനും എഴുത്തുകാരനുമാണ് ലേഖകൻ)*

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com